LIBRARY ARCHIVES Kerala Legislative Assembly

പട്ടികജാതി സർട്ടിഫിക്കറ്റുകൾ നല്കാത്തതായ പരാതി

122 [3709] ശ്രീ. ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്കപട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർഷങ്ങളോളം റവന്യു അധികാരികൾ പട്ടികജാതി സർട്ടിഫിക്കറ്റുകൾ നൽകിയിട്ടുള്ള വ്യക്തികൾക്കും കുടുംബങ്ങൾക്കും സർട്ടിഫിക്കറ്റ് നൽകാതിരിക്കുന്നത് സംബന്ധിച്ചുള്ള സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം സർട്ടിഫിക്കറ്റ് ലഭിക്കാത്തതായി മൂവാറ്റുപുഴ താലൂക്കിൽ നിന്നും ഏതെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത വ്യക്തികൾക്ക് സർട്ടിഫിക്കറ്റ് നൽകുന്നതിനാവശ്യമായ നിർദ്ദേശം നൽകുവാൻ, തയ്യാറാകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 1996-ലെ ആക്ട് 11 നടപ്പിലായതിനുശേഷം സൂക്ഷ്മമായി പരിശോധിച്ച് അർഹതപ്പെട്ടവർക്ക് മാത്രം പട്ടികജാതി സർട്ടിഫിക്കറ്റ് നൽകുന്നുണ്ട്. വ്യാജ സമുദായ സർട്ടിഫിക്കറ്റ് സമ്പാദിച്ചിരുന്നവരും കേരളത്തിൽ സ്വതവേ ഇല്ലാത്തവരുമായ ചില സമുദായങ്ങളെ പുതിയ ഭരണഘടനാ ഭേദഗതി അനുസരിച്ച് ഒഴിവാക്കപ്പെട്ടിട്ടുണ്ട്.

(ബി) ചക്ളിയൻ, ബോയൻ എന്നീ സമുദായ സർട്ടിഫിക്കറ്റുകൾ ആവശ്യപ്പെട്ട് പരാതികൾ ലഭിച്ചിട്ടുണ്ട്.

(സി) യഥാർത്ഥ പട്ടികജാതിക്കാരുടെ പ്രശ്നത്തിൻമേൽ സമുദായ സർട്ടിഫിക്കറ്റ് നൽകാൻ തടസ്സമില്ല. എന്നാൽ സംശയമുള്ള കേസ്സുകളിൽ 1996-ലെ ആക്ട് 11 അനുസരിച്ച് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

മിശ്രവിവാഹിതരുടെ മക്കൾക്കുള്ള ആനുകൂല്യങ്ങൾ

123 [3710] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്കപട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മിശ്രവിവാഹിതർക്കും അവരുടെ കുടുംബത്തിനും ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) മിശ്രവിവാഹിതരുടെ മക്കൾക്ക് എന്തെല്ലാം വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്;

(സി) മിശ്രവിവാഹിതരിൽ പിതാവ് പട്ടികജാതി-പട്ടികവർഗ്ഗക്കാരനായാൽ മാത്രമെ മക്കൾക്ക് എസ്.സി./എസ്.ടി. ആനുകൂല്യങ്ങൾ നൽകുകയുള്ളൂവെന്ന ഉത്തരവ് സർക്കാർ ഇറക്കിയിട്ടുണ്ടോ; ഇത്തരത്തിൽ ഒരു ഉത്തരവ് ഇറക്കുവാൻ എന്താണ് കാരണം; ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത ഉത്തരവ് പിൻവലിച്ച് മാതാവ്/പിതാവ് ആരെങ്കിലും ഒരാൾ പട്ടിക സമുദായമായാൽ മക്കൾക്ക് എസ്.സി./എസ്.ടി. എന്ന നിലയിലുള്ള ആനുകൂല്യങ്ങൾ നൽകുന്ന കാര്യം പുനഃസ്ഥാപിക്കുമോ?

ഉത്തരം

(എ) മിശ്രവിവാഹിതരായ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ കുടുംബത്തിന് വാർഷികവരുമാന പരിധി 12,000 രൂപയിൽ കവിയാതിരുന്നാൽ 10,000 രൂപ ധനസഹായമായി നൽകിവരുന്നു.

(ബി) മിശ്രവിവാഹിതരിൽ ഒരാൾ പട്ടികജാതിയിൽപ്പെട്ടതാണെങ്കിൽ ഇവരുടെ കുട്ടികൾ പട്ടികജാതി സ്വീകരിക്കുകയും ചെയ്താൽ ടി കുട്ടികൾക്ക് പട്ടികജാതി വിഭാഗക്കാർക്ക് ലഭിക്കുന്ന എല്ലാ വിദ്യാഭ്യാസാനുകൂല്യങ്ങളും ലഭിക്കുന്നതാണ്.

മിശ്രവിവാഹിതരിൽ ഒരാൾ പട്ടികവർഗ്ഗത്തിൽപ്പെട്ടതാണെങ്കിൽ ഇവരുടെ കുട്ടികൾ ടി ജാതി സ്വീകരിക്കുകയും ചെയ്താൽ കുട്ടികൾക്ക് പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ലഭിക്കുന്ന എല്ലാ വിദ്യാഭ്യാസാനുകൂല്യങ്ങളും ലഭിക്കുന്നതാണ്.

(സി) ഇല്ല. എന്നാൽ കസ്റ്റമറി ഹിന്ദുലാ പ്രകാരം ഒരാൾ തന്റെ പിതാവിന്റെ ജാതിയാണ് പിന്തുടരേണ്ടത് എന്ന് ബഹു. സുപ്രീംകോടതി ''പുനിത് റോയ് V. ദിനേശ് ചൗധരി'' എന്ന കേസിൽ 2003 ആഗസ്റ്റ് 19-ാം തീയതി വിധി പ്രസ്താവിച്ചിട്ടുണ്ട്. ഈ വിധിയുടെ അടിസ്ഥാനത്തിൽ നിലവിലുള്ള ഉത്തരവിൽ ഭേദഗതി വരുത്തുന്ന കാര്യം പരിശോധിച്ചുവരുന്നു.

(ഡി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly